# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2303

## 12-06-2018 ൽ മറുപടിക്ക്

## കിഫ്ബിയിൽ നിന്നും കോളേജുകൾക്ക് ധനസഹായം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ധനസഹായത്തോടെ സർക്കാർ കോളേജുകൾക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ;<br>(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | 2016 -17 ബഡ്ജറ്റിൽ സംസ്ഥാനത്തെ സർക്കാർ ആർട്സ് &സയൻസ് കോളേജുകളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 500 കോടിയുടെ പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതാണെന്നു പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണ വകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പ് കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തെരഞ്ഞെടുത്തിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി KITE കിഫ്ബിയിൽ സമർപ്പിച്ച 15 കോളേജുകൾക്ക് വിശദമായ പരിശോധനക്ക് ശേഷം 131.63 കോടി രൂപ അനുവദിക്കാൻ കിഫ്ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഉത്തരവുകൾ തയ്യാറായി വരുന്നു. എന്നാൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കോളേജുകൾക്ക് സ്ഥലം വാങ്ങുവാൻ നാളിതുവരെ കിഫ്ബി തീരുമാനം എടുത്തിട്ടില്ല. |
| (സി) തഴവ ഗവ.കോളേജിനുവേണ്ടി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് ഇത്തരത്തിൽ ഉത്തരവായിട്ടുണ്ടോ; | തഴവ ഗവ. കോളേജിന് സ്ഥലം വാങ്ങി കെട്ടിടം നിർമിക്കുവാൻ ഇതുവരെ കിഫ് ബി ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) ഇതിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ(SPV) ആണ് വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ